# ദ്വിദിന കാർഷിക വനവത്കരണ ശില്പശാല

Mathrubhumi-15-05-2018-P-13

തൃശ്ശൂർ ▸ വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ആരംഭിച്ച ദ്വിദിന കാർഷിക വനവത്കരണ ശില്പശാല സംസ്ഥാന വനംവകുപ്പുമേധാവി പി.കെ. കേശവൻ ഉദ്ഘാടനം ചെയ്തു. കാർഷിക സർവകലാശാലാ വൈസ്ചാൻസലർ ഡോ.ആർ. ചന്ദ്രബാബു അധ്യക്ഷനായി. ഗവേഷണ ഡയറക്ടർ ഡോ. പി. ഇന്ദിരാദേവി, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ജിജു പി. അലക്സ്, പ്ലാനിങ് ഡയറക്ടർ ഡോ. ടി. പ്രദീപ് കുമാർ, കാലാവസ്ഥാ വ്യതിയാന പഠന അക്കാദമി മേധാവി ഡോ. ടി.കെ. കുഞ്ഞാമു, ഐ.സി.എ.ആർ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ.കെ. ഹാൻഡ, ഫോറസ്ട്രി കോളേജ് ഡീൻ ഡോ. കെ. വിദ്യാസാഗരൻ, ഡോ. ജമലുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെയും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും സഹായത്തോടെ കേരള കാർഷിക സർവകലാശാല സംഘടിപ്പിക്കുന്ന ശില്പശാല കേരളത്തിൽ ദേശീയ കാർഷിക വനവത്കരണനയം നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾക്ക് രൂപം നൽകും.